I ഇ.ബി. XIII-കേരള നിയമസഭ/XII-14

# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ -സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

## 2014 ഡിസംബർ 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

### കെ.എസ്.ആർ.ടി.സി. പെൻഷൻകാരന്റെ ആത്മഹത്യ

മി. ഡെപ്യൂട്ടി സ്പീക്കർ: കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ മുടങ്ങിയതിനെ തുടർന്നുള്ള സാമ്പത്തിക പ്രയാസത്താൽ ഇന്നലെ ആത്മഹത്യ ചെയ്ത തിരുവനന്തപുരം വെള്ളനാട് സ്വദേശി കെ. ഗോപിനാഥപിള്ള ഉൾപ്പെടെ 19 പെൻഷൻകാർ ഇതിനകം ആത്മഹത്യ ചെയ്തിരിക്കുന്നതിനാലും സെക്രട്ടേറിയറ്റിന് മുന്നിൽ പെൻഷൻകാരും കെ.എസ്.ആർ.ടി.സി. ജീവനക്കാരും നടത്തിവരുന്ന

സമരം ഒത്തുതീർപ്പാക്കാനോ നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കാനോ തയ്യാറാകാത്തതിനാലും ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. രാജു, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ), ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റിട്ടയേർഡ് കെ.എസ്.ആർ.ടി.സി. ജീവനക്കാരൻ ഗോപിനാഥപിള്ള ആത്മഹത്യ ചെയ്ത സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു. കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവുമായി പൊരുത്തപ്പെടാത്തതാണ് പെൻഷൻ മുടങ്ങുന്നതിന് കാരണമാകുന്നത്. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ പാസ്സാകുന്നതോടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് കഴിയും. ഈ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പോസിറ്റീവായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. കെ. രാജു: കെ.എസ്.ആർ.ടി.സി. മുൻ ജീവനക്കാരനായ ഗോപിനാഥപിള്ളയുടെ ആത്മഹത്യയെ ലഘൂകരിച്ചു കാണുന്ന സമീപനമാണ് ഗതാഗത വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. യിൽ ദീർഘകാലത്തെ സേവനത്തിനുശേഷം പിരിഞ്ഞുപോയ പാവപ്പെട്ട ജീവനക്കാർക്ക് അർഹതപ്പെട്ട പെൻഷൻ നിഷേധിക്കുകയാണ്. പെൻഷൻ മുടങ്ങിയതു മൂലമുള്ള സാമ്പത്തിക പ്രയാസത്താലും മനോവിഷമത്താലും 19-ഓളം പെൻഷൻകാർ ആത്മഹത്യ ചെയ്തിട്ടും പെൻഷൻ വിതരണം സംബന്ധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കാനോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. ആവശ്യമായ തുക അനുവദിച്ച് പെൻഷൻ പൂർണ്ണമായി കൊടുത്തുതീർക്കുന്നതിന് സർക്കാർ സന്നദ്ധമാകണം. പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് ആയതിനാൽ ലാഭം മാത്രം കണക്കാക്കി കെ.എസ്.ആർ.ടി.സി.യെ മുന്നോട്ടുകൊണ്ടുപോകാനാകില്ല എന്ന യാഥാർത്ഥ്യം സർക്കാർ മനസ്സിലാക്കണം. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിലെ ഉന്നത ഉദ്യോഗസ്ഥർ വൻതോതിൽ അഴിമതി നടത്തുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ തയ്യാറാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ മാസം 22-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുന്നതാണ്. മുൻകാലങ്ങളിലും കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വാർഷിക റവന്യൂ കമ്മി 1221 കോടി രൂപയാണ്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് കടമെടുത്ത തുക നാഷണലൈസ്ഡ് ബാങ്കുമായി റീസ്ട്രക്ച്ചർ ചെയ്യതിലൂടെ പലിശയിനത്തിൽ മാസം 30 കോടി രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. ഇതുകൂടാതെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെക്കാൾ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനത്തിൽ ഒരു കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഗ്യാരണ്ടി നൽകി പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് പണം കടമെടുത്ത് ജീവനക്കാർക്ക് ശമ്പളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ നൽകുന്നതിനാവശ്യമായ തുകയുടെ 50% കെ.എസ്.ആർ.ടി.സി. നൽകും. ബാക്കിത്തുകയുടെ ഗ്യാപ്പ് നികത്തുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന യോഗത്തിൽ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആത്മഹത്യ ചെയ്യുവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) പൈതൃകസ്മാരകങ്ങൾ, ഭാഷ, പാരമ്പര്യ അറിവുകൾ എന്നിവയുടെ സംരക്ഷണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സംസ്ഥാനത്തെ പൈതൃക സ്മാരകങ്ങൾ, ഭാഷ, പാരമ്പര്യരീതിയിലുള്ള ഭക്ഷണം ഇവയെല്ലാം കുറ്റകരമായ അനാസ്ഥയും അശ്രദ്ധയും കൊണ്ട് തിരിച്ചുകിട്ടാൻ കഴിയാത്തവിധം മൂല്യത്തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ കേരളവർമ്മ വലിയകോയി തമ്പുരാന്റെ കൊട്ടാരം ഇന്ന് ഡി.എം.ഒ. ഓഫീസായി പ്രവർത്തിക്കുകയാണ്. ഹരിപ്പാടുള്ള കൊട്ടാരം ഇന്ന് ജീർണ്ണാവസ്ഥയിലാണ്. പുരാതന തനതുവാസ്തു ശിൽപ്പമാതൃകകൾ,

പെരുന്തച്ചൻ നിർമ്മിച്ച ചെങ്ങന്നൂരിലുള്ള ശിവ-പാർവ്വതിക്ഷേത്രം, കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളി അടക്കമുള്ള ആരാധനാലയങ്ങൾ ഇവയെല്ലാം പൊളിച്ചുപണിത് കോൺക്രീറ്റ് കെട്ടിടങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. പാശ്ചാത്യരാജ്യങ്ങളിൽ നഗരങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതുപോലെ സംസ്ഥാനത്തെ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കണം. പാരമ്പര്യത്തനിമയാർന്ന ഭാഷ, ഭക്ഷണരീതി എന്നിവ സംരക്ഷിക്കണം. ആലപ്പുഴ ജില്ലയിലെ തകഴി സ്മാരകം പുനർനിർമ്മിക്കണം. ചരിത്രസ്മാരകങ്ങളും, ആരാധനാലയങ്ങളും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തയ്യാറാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): നിരവധി പുരാവസ്തുസ്മാരകങ്ങൾ, മനകൾ, ചുവർചിത്രങ്ങൾ ഇവയെല്ലാം കാലഹരണപ്പെടുകയോ നശിപ്പിക്കപ്പെടുകയോ പുനർനിർമ്മിക്കപ്പെടുകയോ ചെയ്യുകയാണ്. നാടിന്റെ ഓരോ മേഖലയ്ക്കും പൈതൃകമായ പാരമ്പര്യമുണ്ട്. 1969-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടുപ്രകാരവും 1972-ലെ കേരള പ്രാചീന സ്മാരക ചട്ടപ്രകാരവും നൂറ് കൊല്ലത്തിൽ കുറയാതെ പഴക്കമുള്ള ദേശീയപ്രാധാന്യമില്ലാത്ത ചരിത്രശേഷിപ്പുകളും പ്രാചീന സ്മാരകങ്ങളും സംരക്ഷിക്കാൻ നിലവിൽ നിയമമുണ്ട്. പുരാവസ്തു വകുപ്പിന്റെ

കീഴിൽ ഏതാണ്ട് 171 സ്മാരകങ്ങൾ നിലവിലുണ്ട്. ചരിത്രത്തിന്റെ തിരുശേഷിപ്പായി സംരക്ഷിക്കേണ്ട ചരിത്ര സ്മാരകങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ പ്രാധാന്യം ഉൾക്കൊള്ളാതെ പുനർനിർമ്മിക്കുന്നത് വേദനാജനകമാണ്. പെരുന്തച്ചൻ നിർമ്മിച്ച ചെങ്ങന്നൂർക്ഷേത്രം പൊളിച്ചുപണിയുന്നത് ദൗർഭാഗ്യകരമാണ്. പാശ്ചാത്ത്യരാജ്യങ്ങളിൽ പുരാവസ്തു സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. സാമ്പത്തികത്തകർച്ച നേരിടുന്ന കുടുംബങ്ങൾ അവരുടെ മനകൾ വിൽക്കുന്നതുമൂലം നാലുകെട്ടും നിർമ്മാണശൈലിയുമെല്ലാം അന്യാധീനപ്പെടുകയാണ്. ഇവ ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കപ്പെടേണ്ടതാണ്. പ്രാചീനസ്മാരകങ്ങളും പുരാവസ്തുക്കളും കലാരൂപങ്ങളും പ്രതിമകളും സംരക്ഷിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. പക്ഷേ നിയമം കൊണ്ടുമാത്രം ഇവ സംരക്ഷിക്കാനാകാത്ത സാഹചര്യത്തിൽ ആരാധനാലയങ്ങളും ചരിത്രസ്മാരകങ്ങളും പൊളിച്ചുപണിയുന്നത് തടയുന്നതിന് സമൂഹത്തിന്റെ ഇടയിൽ ബോധവൽക്കരണം ഉണ്ടാകണം. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതിന് പുരാവസ്തു, സാംസ്കാരിക വകുപ്പുകൾ ശ്രദ്ധിക്കുന്നതാണ്. തകഴി കൃതികളിലെ കഥാപാത്രങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തകഴി സ്മാരകം പുതുക്കിപ്പണിയുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

## (2) ലാബ് അസിസ്റ്റന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. പ്രസ്തുത സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് മറ്റ് വകുപ്പുകളിലെ തത്തുല്യ ജീവനക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണം. പൊതുവിദ്യാഭ്യാസ വകുപ്പിൽ യോഗ്യതയുള്ള കീഴ്ജീവനക്കാർക്ക് നൽകിവരുന്ന അദ്ധ്യാപക തസ്തികയിലുള്ള പ്രൊമോഷനുകൾ യോഗ്യതയുള്ള ലാബ് അസിസ്റ്റന്റുമാർക്കും ലഭിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. ലാബ് അറ്റൻഡർ ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽനിന്ന് ലാബ് അസിസ്റ്റന്റുമാരെ ഒഴിവാക്കി അവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാനും അവരുടെ ആനുകൂല്യങ്ങൾ അനുവദിക്കാനുമുള്ള നടപടിയുണ്ടാകണം. ലാബ് അസിസ്റ്റന്റുമാർക്ക് ലാബ് അറ്റൻഡർ ടെസ്റ്റിന് പകരം ആസിഡുകളും കെമിക്കലുകളും കൈകാര്യം ചെയ്യാൻ പ്രായോഗിക പരിശീലനം നൽകുന്ന ഇൻസർവ്വീസ് കോഴ്സ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. അവരെക്കൊണ്ട് മറ്റു ജോലികൾ ചെയ്യിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർക്കാർ/എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള

നിയമനത്തിന് പത്താം ക്ലാസ് വിജയവും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവും തസ്തികമാറ്റ നിയമനത്തിന് ഏഴാം ക്ലാസ് വിജയവും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവുമാണ് വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പ്രൊബേഷൻ കാലയളവിൽ പാസ്സായാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 28.03.2003 വരെ നിയമിതരായ ലാബ് അസിസ്റ്റന്റുമാർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മൂന്ന് തുടർ പരീക്ഷകൾക്കുള്ളിൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അനുവദിച്ചുകൊണ്ട് 2006-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലുള്ള ലാബ് അസിസ്റ്റന്റുമാരിൽ 378 പേർ നിരീക്ഷണകാലം പൂർത്തിയാക്കുകയും 508 പേർ നിരീക്ഷണകാലം പൂർത്തിയാക്കാൻ അവശേഷിക്കുകയുമാണ്. 28.03.2003-നു ശേഷം രണ്ടുതവണ മാത്രം പി.എസ്.സി. ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് നടത്തിയിട്ടുള്ളതുമൂലം 28.03.2003-നുശേഷം സർവ്വീസിൽ പ്രവേശിച്ചവരുൾപ്പെടെയുള്ള ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ കഴിയാത്തതിനാൽ അവർക്കുണ്ടാകുന്ന സർവ്വീസ് സംബന്ധവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും

16.08.2006-ൽ പുറപ്പെടുവിച്ച ഉത്തരവിലെ ആനുകൂല്യങ്ങൾ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 28.03.2003-നുശേഷം 15.12.2014 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചവർക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 50 വയസ്സ് പൂർത്തീകരിച്ച ലാബ് അസിസ്റ്റന്റുമാരെ പി.എസ്.സി. നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റിൽനിന്നും പൂർണ്ണമായി ഒഴിവാക്കുന്നകാര്യം ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ലാബ് അസിസ്റ്റന്റുമാരുൾപ്പെടെയുള്ള യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റംവഴി നിശ്ചിത ശതമാനം അദ്ധ്യാപക തസ്തികകൾ സംവരണം ചെയ്യാനുള്ള തീരുമാനം തത്വത്തിൽ അംഗീകരിക്കുകയും ആയതിന് പി.എസ്.സി.-യുടെ ഉപദേശം തേടിയിരിക്കുകയുമാണ്. ഇൻസർവ്വീസ് കോഴ്സിന്റെ കാര്യം പരിശോധിക്കാം. ഇവരെക്കൊണ്ട് മറ്റ് ജോലികൾ ചെയ്യിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല.

**സബ്മിഷൻ**

## (1) ജാതി സർട്ടിഫിക്കറ്റ് നൽകൽ

ശ്രീ. സി. പി. മുഹമ്മദ്: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിൽ അധിവസിക്കുന്ന

ഗുപ്തൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനും ഈ ജനവിഭാഗത്തെ ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനുമായി രൂപീകരിച്ച കമ്മീഷന്റെ പരിധിക്കുള്ളിൽ ഗുപ്തൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉൾപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

## (2) വിദേശ മലയാളികളുടെ ബുദ്ധിമുട്ട്

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: വിമാനക്കമ്പനികൾ യാതൊരു മാനദണ്ഡവുമില്ലാതെ യാത്രാനിരക്കുകൾ വർദ്ധിപ്പിക്കുന്നതുമൂലം വിദേശ മലയാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിമാനക്കമ്പനികൾ ഓരോ വർഷവും യാത്രാ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് 'എയർ കേരള' എന്ന ആശയം ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ വന്നത്. വിദേശ രാജ്യങ്ങളുമായി സർവ്വീസ് നടത്തണമെങ്കിൽ ഡൊമസ്റ്റിക് സർവ്വീസ് നടത്തി അഞ്ച്

വർഷത്തെ പരിചയവും ഇരുപത് വിമാനങ്ങളും വേണമെന്ന വ്യവസ്ഥകളിൽ കേന്ദ്ര ഗവൺമെന്റ് ഇളവ് അനുവദിക്കുകയാണെങ്കിൽ 'എയർ കേരള' എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

## (3) ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ഷാഫി പറമ്പിൽ: നിലവിലുള്ള പി.എസ്.സി. എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകാനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ലെന്നുമാത്രമല്ല നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ടായിട്ടും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് കുറ്റകരമാണെന്ന് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 9095 പേർക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചതുവഴി മുമ്പുള്ള ലിസ്റ്റിൽനിന്ന് കൂടുതൽ പേർക്ക് നിയമനം ലഭിച്ചതിലൂടെ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടം വന്നുവെന്നാണ് പറയുന്നത്. ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊമോഷൻ വേക്കൻസി റിപ്പോർട്ട്

ചെയ്യാനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## (4) സാമുദായിക സംവരണം ഏർപ്പെടുത്തൽ

ശ്രീ. പി. ഉബൈദുള്ള: സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹകരണ മേഖലയിൽ ഉദ്യോഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സഹകരണ അർബൻ ബാങ്കുകളിലേയും പ്രാഥമിക സഹകരണ സംഘങ്ങളിലേയും നിയമനങ്ങളിൽ പി.എസ്.സി.യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പി.എസ്.സി.ക്ക് വിട്ടിരിക്കുന്ന അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും തസ്തികകളിൽ സംവരണതത്വം പൂർണ്ണമായി പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. പത്തിൽ കൂടുതൽ ജീവനക്കാരുള്ള സഹകരണ സ്ഥാപനങ്ങളിൽ സംവരണം അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതും ആവശ്യമായ നിർദ്ദേശം നൽകുന്നതുമാണ്.

## (5) ഗൾഫ് നാടുകളിൽ പി.എസ്.സി. പരീക്ഷാ സെന്റർ

ശ്രീ. വർക്കല കഹാർ: ഗൾഫ് നാടുകളിൽ അധിവസിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പി.എസ്.സി. പരീക്ഷ എഴുതാനുള്ള സൗകര്യമൊരുക്കുന്നതിനായി

ഗൾഫ് നാടുകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗൾഫ് നാടുകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്. ഭരണഘടന അനുശാസിക്കുംവിധം രൂപീകരിച്ചിട്ടുള്ള പി.എസ്.സി.യുടെ പ്രവർത്തന പരിധി സംസ്ഥാനത്തിന് അപ്പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നിയമപരവും ഭരണപരവുമായ സാധ്യത പരിശോധിക്കുന്നതാണ്.

## (6) ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നീട്ടൽ

ശ്രീ. ആർ. സെൽവരാജ്: കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് റവന്യൂ ഉദ്യോഗസ്ഥർ നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റിന് മൂന്ന് വർഷത്തെ കാലാവധി അനുവദിക്കാനും എല്ലാ ആവശ്യങ്ങൾക്കും പൊതുവായി ഒരു സർട്ടിഫിക്കറ്റ് വിനിയോഗിക്കാൻ കഴിയുംവിധത്തിലുള്ള സാഹചര്യമൊരുക്കാനും നടപടിയുണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പട്ടികജാതി-പട്ടികവർഗ്ഗ സമുദായംഗങ്ങൾക്ക് ആജീവനാന്ത സമുദായ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കുകയും ആയത് ബന്ധപ്പെട്ട നിയമത്തിന് വിരുദ്ധമായതിനാൽ നിരസിച്ച് മന്ത്രിസഭായോഗം ഉത്തരവായിട്ടുള്ളതുമാണ്.

പട്ടികജാതി വിഭാഗത്തിലുള്ള ആളുകൾക്ക് വിവിധ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഒരു വർഷത്തെ കാലാവധിയെങ്കിലും നൽകുന്ന കാര്യവും വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്ന വിധത്തിൽ ഒരു സർട്ടിഫിക്കറ്റ് നൽകുന്നതിലെ പ്രായോഗികതയെക്കുറിച്ചും ആലോചിക്കുന്നതാണ്.

## (7) പരമ്പരാഗത തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ: വേമ്പനാട്ടുകായലിൽ യന്ത്രങ്ങളുടെ സഹായത്തോട്ടുകൂടി അനധികൃത കക്ക ഖനനം നടക്കുന്നതുമൂലം പരമ്പരാഗത തൊഴിലാളികൾക്കുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വേമ്പനാട് കായൽ ഉൾപ്പെടുന്ന കോട്ടയം, ആലപ്പുഴ ജില്ലകളിലെ ബന്ധപ്പെട്ട ഫിഷറീസ് മേധാവിയുടെയും ജില്ലാ കളക്ടറുടെയും എൻ.ഒ.സി.യുടെ അടിസ്ഥാനത്തിലാണ് സൊസൈറ്റികൾക്ക് കക്കവാരുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ലൈസൻസ് നൽകുന്നത്. മനുഷ്യപ്രയത്നത്തിലൂടെയല്ലാതെ യന്ത്രസാമഗ്രികളുപയോഗിച്ച് ചില സൊസൈറ്റികൾ അനധികൃതമായി കക്ക ഖനനം ചെയ്യുന്നത് കായലിന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും

കക്കയുടെയും മത്സ്യങ്ങളുടെയും പ്രജനനത്തെയും വളർച്ചയെയും തടസ്സപ്പെടുത്തുകയും പരമ്പരാഗത തൊഴിലാളികളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതിനാൽ ഇത്തരം പ്രവണതകളെ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുകയും കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

## (8) <u>എക്സൽ ഗ്ലാസ് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ആലപ്പുഴ ജില്ലയിലെ പൂട്ടിക്കിടക്കുന്ന എക്സൽ ഗ്ലാസ് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി മാനേജ്മെന്റിനുമേൽ സമ്മർദ്ദം ചെലുത്തണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)</u>: സർക്കാരിൽനിന്നും ആനുകൂല്യങ്ങൾ വാങ്ങിയിട്ടും മാനേജ്മെന്റ് എക്സൽ ഗ്ലാസ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാത്തതിനെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) <u>എൻ.ടി.പി.സി.-ടെൽക്കിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u>: അങ്കമാലി എൻ.ടി.പി.സി.-ടെൽക്കിനെ

ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിനും കമ്പനി പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനായി മാനേജ്മെന്റിന്റേയും തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചേർക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): അങ്കമാലി എൻ.ടി.പി.സി.-ടെൽക്കിനെ ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംയുക്ത സംരംഭമായതിനാൽ എൻ.ടി.പി.സി.യുടെ ഭാഗത്തുനിന്നും കൂടുതൽ ശ്രദ്ധയുണ്ടായാൽ കമ്പനിയെ ലാഭകരമാക്കാൻ സാധിക്കുന്നതാണ്. കമ്പനി പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനായി മാനേജ്മെന്റിന്റേയും തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചേർക്കുന്നതാണ്.

## (10) ഉദുമ സ്പിന്നിംഗ് മിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ ഉദുമ സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മില്ലുമായി ബന്ധപ്പെട്ട് കോടതി കേസ് വന്നതിനാലാണ് പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ

സാധിക്കാതിരുന്നത്. പ്രസ്തുത കേസിൽ അന്തിമ തീരുമാനമായതിനാൽ ഉടൻതന്നെ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്.

## (11) സ്പിന്നിംഗ് മില്ലിന്റെ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനും മില്ലിന്റെ ആധുനികവത്കരണത്തിനായി എൻ.സി.ഡി.സി. ധനസഹായത്തിനു പുറമെ ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ എല്ലാവിധ ശ്രമങ്ങളും നടത്തുന്നതാണ്.

## (12) ധനവകുപ്പിന്റെ അംഗീകാരം

ശ്രീ. സി. മമ്മൂട്ടി: തിരൂരിലെ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിന് അംഗീകാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിന്

കഴിഞ്ഞ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്നതിനുമുൻപുതന്നെ എസ്.ഡി.ജി. ശിപാർശകൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞതിനാലും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാലും അടുത്ത സാമ്പത്തിക വർഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

## (13) തേയിലത്തോട്ടങ്ങളിലെ പ്രതിസന്ധി

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട് നിയോജകമണ്ഡലത്തിലെ കോട്ടമല, ബോണാമി തേയിലത്തോട്ടം തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും പീരുമേട് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിനും എച്ച്.എം.എൽ. പ്ലാന്റേഷൻ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): തോട്ടംമേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി ട്രേഡ് യൂണിയൻ നേതാക്കളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചു

ചേർക്കുകയുണ്ടായി. കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ ഗവൺമെന്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ചും എച്ച്.എം.എൽ. പ്ലാന്റേഷൻ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ചും റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. മാനേജ്മെന്റ് നിഷേധാത്മകമായ നിലപാടാണെടുത്തിരിക്കുന്നത്. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം എക്സ്റ്റന്റ് ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ലാൻഡ് കൺസർവൻസി ആക്ട് അനുസരിച്ചാണ് എച്ച്.എം.എൽ-ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആ ഭൂമിയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എച്ച്.എം.എൽ. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും ഗവൺമെന്റിന് അനുകൂലമായ വിധിയാണുണ്ടായിരിക്കുന്നത്.

## (14) കാരുണ്യ ബെനവലന്റ് ഫണ്ടിലെ അപാകതകൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കാരുണ്യ ബെനവലന്റ് ഫണ്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. കെ. എം. മാണി): സംസ്ഥാന കമ്മിറ്റി അംഗീകരിച്ച ചികിത്സാ പട്ടികയിലുൾപ്പെട്ട സർക്കാരിതര ആശുപത്രികളിൽ സി.എ.ബി.ജി.യോടൊപ്പം ഐ.എ.ബി.പി. കൂടി

നടത്തുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഫണ്ട് അക്രഡിറ്റേഷനുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററും അക്രഡിറ്റഡ് ആശുപത്രിയുടെ മാനേജ്മെന്റും തമ്മിലുള്ള എം.ഒ.യു. അനുസരിച്ചാണ് സർക്കാരിതര ആശുപത്രികൾക്ക് 65,000 രൂപ അനുവദിച്ചുവരുന്നത്. സർക്കാരിതര ആശുപത്രികൾക്ക് അടിയന്തര ചികത്സയ്ക്ക് നിലവിൽ വ്യവസ്ഥയില്ല. അടിയന്തര ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഏറ്റവും അടുത്തുള്ള വിദഗ്ദ്ധ സൗകര്യമുള്ള സർക്കാർ ആശുപത്രികളിലേയ്ക്ക് രോഗികളെ റഫർ ചെയ്യണമെന്നാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥ.

## (15) <u>പാലം പുനർനിർമ്മാണം</u>

<u>ശ്രീ. വി. ശശി</u>: കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശ ധനവകുപ്പിന് ലഭിച്ചുവെങ്കിലും ഈ സാമ്പത്തികവർഷം റോഡുകളുടെയും പാലങ്ങളുടെയും

നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 287.20 കോടിയോളം രൂപയുടെ പ്രത്യേക അനുമതി ഇതിനോടകം നൽകിക്കഴിഞ്ഞതിനാൽ അടുത്ത സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന് നീക്കിവയ്ക്കുന്ന വിഹിതത്തിൽ നിന്ന് ഇതിനായി തുക കണ്ടെത്താവുന്നതാണ്.

## (16) നെൽകൃഷി പ്രോത്സാഹനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിൽ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നല്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): വയനാട് ജില്ലയിൽ ഡിസംബർ മാസത്തിലുണ്ടായ കനത്ത മഴമൂലം നെൽകൃഷി വിളവെടുപ്പ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. ജില്ലയിൽ 574 ഹെക്ടർ സ്ഥലത്ത് അഞ്ചുകോടിയിൽപ്പരം രൂപയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്ക്. വിശദമായ റിപ്പോർട്ട് ലഭിച്ചാലുടൻ നഷ്ടപരിഹാരം നൽകുന്നതിന് ക്യാബിനറ്റ് തീരുമാനമെടുത്തിട്ടുണ്ട്. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് പതിനായിരം രൂപ സബ്സിഡി നൽകാനുള്ള പദ്ധതിക്കുകൂടി രൂപം കൊടുത്തിട്ടുണ്ട്.

## (17) <u>എൻഡോസൾഫാൻ നീക്കം ചെയ്യൽ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കാസർകോഡ്, പാലക്കാട് ജില്ലകളിൽ വിവിധ പ്രദേശങ്ങളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ ശേഖരം നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): കാസർഗോഡ്, മണ്ണാർകാട് പ്രദേശങ്ങളിൽ സുരക്ഷിത ടാങ്കുകളിലേയ്ക്ക് മാറ്റി സൂക്ഷിച്ചിരിക്കുന്ന എൻഡോസൾഫാൻ ശേഖരം വിവിധ ഏജൻസികളുടെ സഹായത്തോടെ 2015 ഫെബ്രുവരി 5-ന് മുമ്പ് നിർവീര്യമാക്കാമെന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.ഐ.എൽ ഉറപ്പ് നൽകിയിട്ടുണ്ട്.

## (18) <u>തിരുവമ്പാടിക്ക് പ്രഥമ പരിഗണന</u>

<u>ശ്രീ. സി. മോയീൻകുട്ടി</u>: കേരളം സമ്പൂർണ്ണ ജൈവ സംസ്ഥാനമായി മാറുമ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിൽ തിരുവമ്പാടിക്ക് പ്രഥമ പരിഗണന നൽകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന് സമൂഹത്തിലെ വിവിധ തുറകളിലുള്ള ആളുകൾ നടത്തുന്ന

പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ കൂടുതൽ ശക്തമായി ഇടപെടുന്നതിനുവേണ്ടി കർഷകർക്ക് വിത്ത്, വളം, ജൈവ കീടനാശിനികൾ എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. മലയോര കാർഷിക മേഖലയായ തിരുവമ്പാടി മണ്ഡലത്തിലും പദ്ധതി നടപ്പാക്കുന്നുണ്ട്.

## (19) യുവാവിന്റെ അപകടമരണം

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളം പോലീസ് സ്റ്റേഷൻ പരിധിയിൽ അത്തിക്കൽ എന്ന സ്ഥലത്ത് വാഹനമിടിച്ച് മരണപ്പെട്ട അജയ് ജോസഫ് എന്ന യുവാവിന്റെ മരണത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 10.10.2014-ൽ രാത്രി അത്തിക്കൽ എന്ന സ്ഥലത്ത് ജോസഫ് എന്നയാളുടെ മകൻ അജയ് ജോസഫിനെ വാഹനാപകടത്തെത്തുടർന്ന് ആറളം പോലീസ് താലൂക്കാശുപത്രിയിലെത്തിച്ചെങ്കിലും ടിയാൻ മരിച്ചതിനെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം പോസ്റ്റ്മോർട്ടം നടത്തുകയുണ്ടായി. വളരെ വേഗതയിൽ വന്ന വാഹനമിടിച്ചാണ് മരണമുണ്ടായതെന്നാണ് പ്രാഥമിക വിവരം. അജയ് ജോസഫിന്റെ ബന്ധുവിന്റെ മൊഴിപ്രകാരം ആറളം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും ഇടിച്ചിട്ട വാഹനം

കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടുതൽ അന്വേഷണത്തിനായി ഇരിട്ടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതാണ്.

## (20) പട്ടികജാതി യുവാക്കൾക്ക് പോലീസ് മർദ്ദനം

ശ്രീ. എം. ചന്ദ്രൻ : ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിൽ 4 പട്ടികജാതി യുവാക്കളെ പോലീസ് അകാരണമായി മർദ്ദിച്ചത് സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മംഗലം ഡാം ലൂർദ്മാതാ ഹൈസ്കൂളിൽ പൂർവ്വവിദ്യാർത്ഥികളായ അജിത്, മനു, വിപിൻദാസ് അവരുടെ സുഹൃത്തായ യദുകൃഷ്ണൻ എന്നിവർ അതിക്രമിച്ചുകയറി പൂച്ചട്ടികളും ടാപ്പുകളും അടിച്ചുതകർത്തതിനെത്തുടർന്ന് സ്കൂൾ ഹെഡ്മിസ്ട്രസ് നൽകിയ പരാതിയിൽ സ്കൂൾ അധികൃതരേയും അക്രമം നടത്തിയവരെയും അവരുടെ മാതാപിതാക്കളെയും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി നടത്തിയ മധ്യസ്ഥ ചർച്ചയുടെ അടിസ്ഥാനത്തിൽ കേടുവരുത്തിയവ പുന:സ്ഥാപിക്കുന്നതിനായി 8000 രൂപ നൽകാമെന്ന് കുറ്റക്കാർ സമ്മതിക്കുകയും 4500 രൂപയുടെ പൈപ്പ് വാങ്ങി നൽകുകയും ബാക്കി തുക 14.12.2014- ന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. സ്കൂളിൽ അതിക്രമം കാണിച്ച നാലുപേരും പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ച്

14.12.2014-ൽ നെന്മാറ ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായി. 15.12.2014-ന് നെന്മാറ പോലീസിന് വിപിൻദാസ് നൽകിയ മൊഴിയിൽ നാലുപേരെയും മംഗലം ഡാം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. സണ്ണി ജോസഫ് ദേഹോപദ്രവമേൽപ്പിച്ച് കുറ്റം സമ്മതിപ്പിച്ച് നഷ്ടപരിഹാരം കൊടുപ്പിച്ചുവെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് എസ്.ഐ സണ്ണി ജോസഫിനെ പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസിലും ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള തുക നൽകാത്തതുകൊണ്ട് സ്കൂളിൽ അക്രമം നടത്തിയവർക്കെതിരെ ഹെഡ്മിസ്ട്രസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിലും വടക്കഞ്ചേരി പോലീസ് അന്വേഷണം നടത്തിവരികയാണ്. എസ്.സി./എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം കേസ് എടുക്കേണ്ട സാഹചര്യം നിലവിലില്ല.

## (21) <u>അനധികൃത ചിട്ടികളുടെ പ്രവർത്തനങ്ങൾ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കുന്നതിനും ദേശം കുറീസ് ആൻറ് ഇൻവെസ്റ്റ്മെന്റ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ സുനിൽ ദേവസിയെ കണ്ടെത്തി നിക്ഷേപകരിൽ നിന്നും പിരിച്ചെടുത്ത തുക കണ്ടെത്തുന്നതിനും ഒരു ഉന്നത സ്പെഷ്യൽ ടീമിനെവച്ച് ഈ രംഗത്തെ ക്രമക്കേടുകൾ

അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആദ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള 125-ഓളം സ്ഥാനപങ്ങൾക്കെതിരെ ഈ ഗവൺമെന്റ് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശം കുറീസ് ആൻറ് ഇൻവെസ്റ്റ്മെന്റ്സ് ഉടമസ്ഥനായ ഒളിവിൽ കഴിയുന്ന സുനിൽ ദേവസിക്കെതിരെ ലഭിച്ച പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനോടൊപ്പം ടി സ്ഥാപനത്തിൽ റെയ്ഡ് നടത്തി തൊണ്ടിമുതലുകൾ പിടിച്ചെടുക്കുകയും സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സംഘം അന്വേഷണം നടത്തുന്നതാണ്.

## (22) വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കേരളത്തിലെ വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഫെയർ വാല്യൂ നിർണ്ണയത്തിലെ അപാകതകളും പരിഹരിക്കുന്നതിനും ക്രയവിക്രയം നടത്തുമ്പോൾ പാൻകാർഡ് നൽകേണ്ട തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കേരള മുദ്രപ്പത്ര നിയമപ്രകാരം ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് ആർ.ഡി.ഒ.മാരാണ്. ഇതുമായി ബന്ധപ്പെട്ട് കളക്ടർമാർക്ക് അപ്പീൽ കൊടുക്കുന്നതിനുള്ള കാലാവധി ആറുമാസം എന്നത് ഒരു വർഷമായി ദീർഘിപ്പിക്കുകയും ലഭിക്കുന്ന അപ്പീലുകൾ യഥാസമയം തീർപ്പാക്കി നൽകുകയും ചെയ്യുന്നുണ്ട്. കളക്ടർമാർക്ക് യുക്തിസഹമായി അപ്പീൽ തീർപ്പാക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥ മുദ്രപ്പത്ര നിയമത്തിൽ കൊണ്ടുവരികയും അപ്പീൽ ഉത്തരവുകൾക്കുമുകളിൽ റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഓൺ ലൈനായി പോക്കുവരവ് ചെയ്യുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

## (23) തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: കേരളത്തിലെ തേയിലത്തോട്ടം മേഖലകളിൽ പണി ചെയ്യുന്ന തൊഴിലാളികൾക്ക് ശമ്പളകുടിശ്ശിക നൽകുന്നതിനും ഈ മേഖലയിലെ കമ്പനി ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുക തുടങ്ങിയ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ടവരുമായി ചർച്ച ആരംഭിച്ചിട്ടുണ്ട്.

ചർച്ചയിന്മേൽ സമവായമുണ്ടാക്കി തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (24) തൊഴിലാളികളെ ചൂഷണം ചെയ്യൽ

ശ്രീ. കെ. രാജു: സംസ്ഥാനത്തെ തുണിക്കടകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യം അവർക്ക് ലഭ്യമാക്കുന്നതിനും തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്കായി വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇവരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

## (25) റെയിൽവേ മേൽപ്പാലം

ശ്രീ. വി. ചെന്താമരാക്ഷൻ: കൊല്ലങ്കോട് ഊട്ടറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഊട്ടറയിൽ റെയിൽവേ മേൽപ്പാലനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി നിലവിലില്ലാത്ത

സാഹചര്യമാണുള്ളത്. ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (26) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: സംസ്ഥാനത്ത് വയറിംഗ് ലൈസൻസ് ഇല്ലാത്ത ആളുകൾ വയറിംഗ് ജോലി ചെയ്യുന്നതുമൂലം വൈദ്യുതി മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അഞ്ച് വർഷത്തോളം ഒരു കോൺട്രാക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നവർക്കും ഐ.ടി.ഐ. പാസ്സായവർക്കും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കീഴിലുള്ള ലൈസൻസിംഗ് ബോർഡാണ് ലൈസൻസ് നൽകുന്നത്. വയർമാന്മാരുടെ ജോലി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വൈദ്യുതിമേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (27) ധനസഹായം നൽകുന്നതിലെ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2014-15 സാമ്പത്തികവർഷം 15 കോടി രൂപ വകയിരുത്തുകയും 12 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു. ധനകാര്യ വകുപ്പിൽനിന്നും ക്ലിയറൻസ് ലഭിച്ച ശേഷം തുക അർഹതപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

## (28) കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും കോമേഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി.വഴി നേരിട്ടുള്ള നിയമനത്തിലേയ്ക്കായി 32 എച്ച്.എസ്.എസ്.ടി.കൊമെഴ്സ് അദ്ധ്യാപകരുടെ ഒഴിവുകളിൽ 9 എണ്ണവും 357 എച്ച്.എസ്.എസ്.ടി. ജൂനിയർ കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകളിൽ 34 എണ്ണവും മുൻ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ച എൻ.ജെ.ഡി. ഒഴിവുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ നോൺ വൊക്കേഷണൽ സീനിയർ അദ്ധ്യാപകരുടെ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതിൻപ്രകാരം ലിസ്റ്റ്

തയ്യാറാക്കിയെങ്കിലും നാളിതുവരെ നിയമന ശിപാർശ ലഭ്യമാക്കിയിട്ടില്ല. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

## (29) വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. ബാലൻ: ആലത്തൂർ എസ്. എൻ. കോളേജ് അധികൃതരുടെ തെറ്റായ സമീപനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ആലത്തൂർ എസ്.എൻ. കോളേജിലെ വനിതാ ഹോസ്റ്റലിലെ മുറികൾ മറ്റ് ആവശ്യങ്ങൾക്കായി പ്രിൻസിപ്പാൾ വേർതിരിച്ചതിനെതിരെ വിദ്യാർത്ഥികൾ സമരം ചെയ്യുകയും ഏഴോളം വിദ്യാർത്ഥികളെ കോളേജിൽ നിന്ന് സസ്പെന്റ് ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികൾ സമരം തുടർന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പ്രിൻസിപ്പാൾ പങ്കെടുക്കാത്തതിനാൽ യുക്തമായ തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞില്ലെന്നും പ്രിൻസിപ്പാൾ മനപ്പൂർവ്വം വിദ്യാർത്ഥികളുടെ അറ്റൻഡൻസിൽ കുറവുവരുത്തി അവർക്ക് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയതായി വിദ്യാർത്ഥികൾ പരാതിപ്പെട്ടതായും പാലക്കാട് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരാതി പരിഹാര സെൽ അന്വേഷണം

നടത്തി വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശവും ഹൈക്കോടതി ഉത്തരവും കോളേജ് പ്രിൻസിപ്പാൾ നടപ്പാക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (30) തസ്തിക നിർണ്ണയം

ശ്രീമതി ഗീതാ ഗോപി: വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച പ്ലസ് ടു അധിക ബാച്ചിനാവശ്യമായ തസ്തിക നിർണ്ണയം നടത്തുന്നതിനും ഗസറ്റഡ് അദ്ധ്യാപകർക്ക് പൂർവ്വകാല പ്രാബല്യത്തോടെ ശമ്പളം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കുട്ടികളുടെ കുറവുമൂലം വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു ബാച്ചിന്റെ പ്രവർത്തനം 2011-2012 അദ്ധ്യയന വർഷത്തിൽ ആരംഭിച്ചിരുന്നില്ല. 2012-2013 അദ്ധ്യയന വർഷം മുതൽ ആവശ്യത്തിന് കുട്ടികളുള്ളതിനാൽ പ്രസ്തുത ബാച്ചിന്റെ പ്രവർത്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയതിനുശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും യോഗ്യതയുള്ള എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പളക്കുടിശ്ശിക

നൽകുകയും ചെയ്യുന്നതാണ്.

## (31) രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ശോചനീയാവസ്ഥ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനും ചിത്രം വരയ്ക്കുന്നതിനാവശ്യമായ ലൈഫ് മോഡലുകൾക്ക് പണം അനുവദിക്കുന്നതിനും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): മാവേലിക്കര ഫൈൻ ആർട്സ് കോളേജിൽ ലൈഫ് മോഡലുകൾക്കാവശ്യമായ ഫണ്ട് പ്രത്യേക ശീർഷകത്തിൽ അനുവദിക്കാറില്ല. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്യുകയും സർക്കാർ അതിന്മേൽ നടപടി സ്വീകരിച്ചുവരികയുമാണ്. ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിനായി ലൈബ്രേറിയൻ ഗ്രേഡ്-II, ലൈബ്രേറിയൻ, അറ്റന്റർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (32) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സംസ്ഥാന ബാലാവകാശ കമ്മീഷന്റെ

പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലെ നടപടി നിരീക്ഷിക്കുന്നതിനായി ഒരു പോക്സോ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോക്സോ കേസുകൾ വിചാരണ ചെയ്യുന്ന പ്രിൻസിപ്പൽ സെഷൻ കോടതികളിലെ കേസുകളുടെ ബാഹുല്യം, കാലതാമസം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പോക്സോ കൺസൽട്ടന്റുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള മതിയായ യോഗ്യതയ്ക്കും പ്രവൃത്തിപരിചയത്തിനും പുറമേ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മനശാസ്ത്ര വിഭാഗത്തിൽ പന്ത്രണ്ട് വർഷത്തെ അദ്ധ്യാപന ക്ലിനിക്കൽ പരിചയവുമുണ്ട്. പോക്സോ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വളരെയധികം കാര്യക്ഷമവും ശക്തവുമായി കമ്മീഷൻ നടത്തിവരുന്നുവെന്നാണ് അറിയാൻ സാധിച്ചത്.

## (33) ബി.ആർ.ജി.എഫ്. ഫണ്ട്

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലയ്ക്ക് വെട്ടിക്കുറച്ച ബി.ആർ.ജി.എഫ്. ഫണ്ട് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പിന്നോക്കമേഖലയ്ക്കുള്ള പ്രത്യേകമായ പദ്ധതിയായ ബി.ആർ.ജി.എഫ്. -നായി കേരളത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത് പാലക്കാട്, വയനാട് ജില്ലകളെയാണ്. ആന്വൽ ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഗവൺമെന്റ് നിർദ്ദേശങ്ങൾ കൊടുക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ മുഖേന ഗ്രാന്റ് നൽകിവരികയാണ്. 2013-2014 വർഷത്തേയ്ക്കുള്ള തുക കേന്ദ്രം അനുവദിച്ചിരുന്നില്ല.

## (34) പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതികൾ വെട്ടിക്കുറച്ച നടപടി

ശ്രീ. റ്റി. വി. രാജേഷ്: നബാർഡിന്റെ RIDF XIX സ്കീമിൽപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് സമർപ്പിച്ച പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതി വെട്ടിക്കുറച്ചതിനെതിരെ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഗ്രാമവികസന വകുപ്പിന് ആകെ ലഭിച്ച 60 കോടി രൂപയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് 38.36 കോടി രൂപയുടെ ലിസ്റ്റ് സമർപ്പിച്ചു. അതിൽ പരമാവധി തുക അനുവദിച്ചിട്ടുണ്ട്.

## (35) വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ്

ശ്രീ. മാത്യു റ്റി. തോമസ്: കേരള വാട്ടർ അതോറിറ്റിയുടെ അടൂർ പ്രോജക്ട്

ഡിവിഷനും പത്തനംതിട്ട ഡിവിഷനും കൊല്ലം സർക്കിളിന്റെ കീഴിലും തിരുവല്ല ഡിവിഷൻ കോട്ടയം സർക്കിളിന്റെ കീഴിലുമായതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ തിരുവല്ല കേന്ദ്രമായി ഒരു സർക്കിൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നിലവിൽ പത്തനംതിട്ട ഡിവിഷൻ ഓഫീസും അടൂർ പ്രോജക്ട് ഡിവിഷൻ ഓഫീസും കൊല്ലം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിലും തിരുവല്ല ഡിവിഷൻ ഓഫീസ് കോട്ടയം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകൾ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ച സാഹചര്യത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

## (36) റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ചീമേനി പഞ്ചായത്തിനെയും നീലേശ്വരം മുനിസിപ്പാലിറ്റിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പ്രസ്തുത പദ്ധതി പരിഗണനയിലാണ്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## (37) ബിൽ തുക മാറ്റിക്കൊടുക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം, കൊട്ടാരക്കര ഡിവിഷനുകളിൽപ്പെട്ട വിവിധ ഓഫീസുകളിൽ മെയിന്റനൻസ് വർക്ക് നടത്തുന്ന കരാറുകാർക്ക് ബിൽ തുക മാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഇക്കാര്യം അടിയന്തരമായി പരിഗണിക്കും.

**നിയമനിർമ്മാണകാര്യം**

## ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെ) ബില്ലുകൾ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. എം. മാണി: 2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം

നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. അധികനികുതി ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചതിനുശേഷവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന വസ്തുത അംഗീകരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുന്നില്ല. സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം ബാർതൊഴിലാളികളും കെ.എസ്.ആർ.ടി.സി. പെൻഷൻകാരും ആത്മഹത്യ ചെയ്യുന്ന സ്ഥിതിയിലാണ്. ആദിവാസ മേഖലകളിൽ നവജാത ശിശുക്കൾ മരിക്കുന്ന അവസ്ഥയിലും ആദിവാസികളുടെ ആനുകൂല്യം നൽകുന്നതിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശികയാക്കുകയും ക്ഷേമപദ്ധതികളെ തകർക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണം സ്തംഭനത്തിലാണ്, തെറ്റായ ധനവിനിയോഗംമൂലം സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ധനവിനിയോഗബില്ലുകളെ അനുകൂലിക്കുന്നു. ആദിവാസി സമരം ഒത്തുതീർക്കുന്നതിനും സൗജന്യ കാൻസർ ചികിത്സാ പദ്ധതി

ഏർപ്പെടുത്തുന്നതിനും നഴ്സുമാർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തി മിനിമം വേതനം കൊടുക്കാനും സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ മെഡിക്കൽ സീറ്റുകൾ സംവരണം ചെയ്യുന്നതിനും മുൻകയ്യെടുത്ത സർക്കാരാണിത്. സ്മാർട്ട്സിറ്റി, മെട്രോറെയിൽ, കണ്ണൂർ വിമാനത്താവളം തുടങ്ങി വൻ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. ജനക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന സർക്കാരിനെതിരെ തെറ്റായ പ്രചരണമാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. വിവിധ പദ്ധതികൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ 24 ശതമാനം മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. അഴിമതിക്കാരെ സംരക്ഷിക്കുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. പാവപ്പെട്ട ജനവിഭാഗങ്ങളുടെയും ആദിവാസികളുടെയും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനോ ഗവൺമെന്റ് തയ്യാറാകുന്നില്ല. പാവപ്പെട്ട തൊഴിലാളികളെയും കർഷകരെയും ആത്മഹത്യയിലേക്ക് തള്ളിവിടുകയും അഴിമതിക്ക് ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്ന സർക്കാരാണിത്.

ശ്രീ. പി. കെ. ബഷീർ: ധനവിനിയോഗ ബില്ലുകളെ പിന്താങ്ങുന്നു. പുതിയ താലൂക്കുകളും മെഡിക്കൽ കോളേജുകളും അനുവദിക്കുകയും കാരുണ്യ ബെനവലന്റ് സ്കീം ഉൾപ്പെടെയുള്ള പദ്ധതികൾ ആരംഭിക്കുകയും 32000-ത്തോളം തസ്തികകളിൽ നിയമനം നടത്തുകയും ചെയ്ത സർക്കാരാണിത്.

ശ്രീ. ജോസ് തെറ്റയിൽ: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. വാർഷിക പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക വകമാറ്റി ചെലവഴിക്കുന്ന അശാസ്ത്രീയമായ നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. അനുവദിക്കുന്ന തുക വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കാതിരിക്കുകയും പുതിയ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കുകയും ചെയ്യുന്നത് ആശാസ്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. പ്രതിസന്ധികൾ തരണംചെയ്ത് സാമ്പത്തികരംഗത്തെ അതിവിദഗ്ദ്ധമായി മുന്നോട്ടുകൊണ്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ സർക്കാർ അധികാരമേറ്റശേഷം 106810 നിയമനങ്ങൾ നടത്തുകയും 25000-ത്തോളം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 8 മെഡിക്കൽ കോളേജുകൾ, സർക്കാർതലത്തിൽ പുതിയ കോളേജുകൾ, 12 താലൂക്കുകൾ, 18 ട്രഷറികൾ എന്നിവ പുതുതായി ആരംഭിച്ചു. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും ശമ്പള കമ്മീഷനെ നിയമിക്കാനും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച്

നൽകാനുമുള്ള നടപടികൾ സ്വീകരിച്ചു. വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്ന സർക്കാരാണിത്. കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം 68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയത് അഭിനന്ദനാർഹമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ജനക്ഷേമകരമായ പദ്ധതികൾ അട്ടിമറിക്കുകയും വികസന മേഖലയെ സ്തംഭവനാവസ്ഥയിലാക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്ന ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു.

ശ്രീ. എളമരം കരീം: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. വികസനപ്രവർത്തനങ്ങളെല്ലാം മുടങ്ങുകയും പെൻഷനും ശമ്പളവും നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയുമാണ്. റബ്ബർ കർഷകരെ സംരക്ഷിക്കാനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എമർജിംഗ് കേരള പദ്ധതി പരാജയപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. സംരംഭകത്വ മിഷൻ, സപ്തധാര പദ്ധതി എന്നിവ നടപ്പാക്കുന്ന കാര്യത്തിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

(ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ

ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും പ്ലക്കാർഡുകൾ ഉയർത്തിക്കാണിച്ച് ഡയസ്സിനുമുന്നിലേയ്ക്ക് വന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഡ്ജറ്റിൽ ചെലവഴിച്ച തുക സംബന്ധിച്ച് പ്രതിപക്ഷം നിരത്തുന്ന കണക്കുകൾ വസ്തുതാവിരുദ്ധമാണ്. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ന്യായമായ വില ഉറപ്പുവരുത്തുന്ന കാര്യത്തിൽ വ്യവസായികളുടെ യോഗം വിളിച്ചിട്ടുണ്ട്.

2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): 2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

## തിരുത്തൽ സ്റ്റേറ്റുമെന്റ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-15-ലെ ബഡ്ജറ്റ് ഇൻ ബ്രീഫിന്റെ ടേബിൾ എ (52)-ൽ ഉണ്ടായ വസ്തുതാപരമായ പിശക് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശേഷിക്കുന്ന സബ്മിഷനുകൾ റദ്ദ് ചെയ്യുന്നതായി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയെ അറിയിച്ചു)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തി നാലും ഇരുപത്തി അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### ചട്ടങ്ങൾരൂപീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പഞ്ചായത്ത് രാജ് നിയമത്തിലെ 163-ാം വകുപ്പുപ്രകാരം ഓരോ പഞ്ചായത്തും ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കണമെന്ന് പറയുന്നുണ്ടെങ്കിലും പഞ്ചായത്തുകൾ അപ്രകാരം ചെയ്യുന്നതായി കാണുന്നില്ല. മാത്രമല്ല, 175-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് ചട്ടം രൂപീകരിക്കേണ്ടതുണ്ടെങ്കിലും അതും ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള

പഞ്ചായത്ത് രാജ് നിയമത്തിലെ 163-ാം വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. കാലാകാലങ്ങളിലായി സർക്കാർ പുറപ്പെടുവിക്കുന്ന ആസൂത്രണ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റേക്ക് ഹോൾഡർമാർക്കും പദ്ധതി രൂപീകരണ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതുകൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിന്റെ സ്ഥിരം സമിതിയുടെ കീഴിലായിരിക്കണം പ്രവർത്തിക്കേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 175(1) വകുപ്പ് പ്രകാരം ത്രിതല പഞ്ചായത്തുകൾ അതത് വർഷങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, പദ്ധതി രൂപീകരണ ഫോറങ്ങൾ എന്നിവ അനുസരിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്. പോരായ്മകൾ പരിഹരിച്ച് പദ്ധതി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## റൂളിംഗ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിയമസഭാ നടപടിചട്ടം 238(2)-ൽ നിഷ്കർഷിച്ചിട്ടുള്ളത്

പ്രകാരം എക്സിക്യൂട്ടീവിന് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കണമെന്നും പ്രസ്തുത ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊടുക്കണമെന്നും മൂന്ന് മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ അത് പരിഗണിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്ത് രാജ് ആക്ടിലെ 163, 175(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കുന്നതിന് ഉടനടി നടപടി സ്വീകരിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

(യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. എൻ. ഷംസുദ്ദീൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ

സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

138, 142, 143, 144, 145, 146, 147 , 150, 151, 152, 153, 154, 157, 158, 159, 160, 162, 163, 164, 167, 168, 172, 173, 175, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

147. ഖണ്ഡം 2 (ഡി)-യിൽ , "യാത്രാ " എന്ന വാക്കിനു മുമ്പുള്ള " ഒരു " എന്ന വാക്ക് നീക്കം ചെയ്യുക.

175 . ഖണ്ഡം 2 (ജെ)-യിൽ, " നൽകുന്നത് " എന്ന വാക്കിന് പകരം "നൽകുന്നതും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

180, 181, 182, 186, 187, 188, 191, 194, 195, 197, 199, 200, 204, 205, 206, 207, 209, 211, 213, 216, 218, 220, 221, 223, 224, 226, 229, 230, 234, 235, 239, 241, 242, 245, 246, 249 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

188. ഖണ്ഡം 3 (2) (എ)-യിൽ , "അപകട സമൂഹ ഇൻഷ്വൻസ് " എന്നതിനു പകരം " അപകട സമൂഹ ഇൻഷ്വറൻസ് " എന്ന് ചേർക്കുക.

205 . ഖണ്ഡം 3 (2) (എ) (iv)-ൽ, " യാത്രാക്കാരന്റെയും " എന്ന വാക്കിനു പകരം "യാത്രക്കാരന്റെയും " എന്ന വാക്ക് ചേർക്കുക.

211. ഖണ്ഡം 3 (2) (എ) (vi)-ൽ, " പദ്ധതിയിൻകീഴിലുള്ള ഏത് തർക്കവും" എന്നതിനു പകരം " പദ്ധതി നടത്തിപ്പിലുണ്ടാകാവുന്ന ഏതു തർക്കവും" എന്നത് ചേർക്കുക.

216. ഖണ്ഡം 3 (2) (ബി)-യിൽ , " യാതാ " എന്ന വാക്കിനുപകരം "യാത്രാ " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

251, 253, 255, 256, 258, 260, 261, 262, 263, 265, 266, 267, 268, 269, 276, 278, 279, 283, 285 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

254-ാം നമ്പർ ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

254. ഖണ്ഡം 4(1) -ൽ "യാത്രാടിക്കറ്റുകളിന്മൽ" എന്ന വാക്കിനുപകരം " യാത്രാടിക്കറ്റുകളിന്മേൽ " എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>അഞ്ചാം വകുപ്പ്</u>

287, 288, 290, 291, 292, 293, 294, 295,297, 298, 300 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

298. ഖണ്ഡം 5 (3) -ൽ " യാത്രക്കാരനും" എന്ന വാക്കിനു പകരം "ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## ആറാം വകുപ്പ്

304, 307, 308, 309, 310, 311, 313, 314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

316, 318, 320, 321, 324 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

(ഭേദഗതി ഇല്ല)

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

329, 331 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പട്ടിക

332, 333, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 111, 115, 116, 117, 118, 120, 121, 123, 125, 126, 129, 130, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

110. ശീർഷകത്തിൽ, " യാത്രാക്കാർക്കുള്ള" എന്ന വാക്കിനുപകരം "യാത്രക്കാർക്കുള്ള" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ): 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യ വിരുദ്ധ

പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ ബ്ലേഡ് മാഫിയയെ പൂർണ്ണമായി അമർച്ച ചെയ്യാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് ഈ ബില്ലിലൂടെ പ്രകടമാകുന്നത്. സാമൂഹ്യവിരുദ്ധ ശക്തികളെ അടിച്ചമർത്തിക്കൊണ്ട് ജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകാനുതകുന്ന ചരിത്രപ്രാധാന്യമർഹിക്കുന്നൊരു നിയമമാണ് ഭേദഗതിയായി കൊണ്ടുവന്നിരിക്കുന്നത്.

(വിയോജിപ്പ് രേഖപ്പെടുത്തിയില്ല)

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014- ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളെ നേരിടാൻ കഴിയുന്നതും കൊള്ളക്കാരെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കഴിയുന്നതുമായ ഈ ബിൽ പാസ്സാക്കാൻ കഴിയുന്നത് സർക്കാരിന്റെ

അഭിമാനകരമായ നേട്ടമായിരിക്കും.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

117, 118, 124, 129, 135, 137, 139, 140, 142, 143, 144, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

117. ഖണ്ഡം 2-ൽ, " തടയൽ ആക്റ്റിന്റെ" എന്നതിനുപകരം " (തടയൽ) ആക്റ്റിന്റെ" എന്ന് ചേർക്കുക.

137. ഖണ്ഡം 2 (iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (കു) -വിൽ " മറ്റേതെങ്കിലും" എന്നതിനു മുമ്പ് " തത്സമയം പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

154, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

164, 168, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

173, 175, 176, 180, 185, 187, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

198, 202, 203, 211, 214, 216, 224, 225, 226, 227, 230, 233, 234, 239, 240, 247, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എഫ്-ൽ "ഉപദേശക ബോർഡിന്റെ" എന്ന വാക്കുകൾക്കുപകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

മന്ത്രി 203-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെയും 226-ാം നമ്പർ ഭേദഗതിയും സ്വീകരിച്ചു.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(2) -ൽ, " മുപ്പത്" എന്നതിനുപകരം " അറുപത്" എന്നു ചേർക്കുക.

226. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)-ൽ, " ഏതെങ്കിലുമുണ്ടെങ്കിൽ" എന്നതിനുപകരം " ആരെങ്കിലും ഉണ്ടെങ്കിൽ" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

112-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

112. പീഠികയിൽ "തടയൽ" എന്ന വാക്കിനുപകരം "(തടയൽ)" എന്ന വാക്കും ചിഹനവും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലേഡ് മാഫിയകളെ പൂർണ്ണമായി ഇല്ലാതാക്കാനും സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടാനുമുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യമാണ്

ഈ നിയമ ഭേദഗതിയിലൂടെ ആഗ്രഹിക്കുന്നത്. ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സമാധാനജീവിതം ഉറപ്പുവരുത്താനും ഈ ബിൽ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെ ഡോ. ടി. എം. തോമസ് ഐസക് നൽകിയ നോട്ടീസ്, കേരള സർവ്വകലാശാല രജിസ്ട്രാറുടെ പി.എ.-യും അസിസ്റ്റന്റ് രജിസ്ട്രാറുമായ ശ്രീമതി ശോഭന

കുമാരിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

## പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, മംഗളം ദിനപത്രത്തിന്റെ എഡിറ്റർ, പ്രിന്റർ & പബ്ലിഷർ ശ്രീ. ബാബു വർഗ്ഗീസിനെതിരെയും സ്വന്തം ലേഖകനെതിരെയും ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസ്, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്. ഇതിന്റെ വിശദമായ റൂളിംഗ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽനിന്ന് പുറത്തുപോയി.)

**പ്രമേയം**

## സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

13-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുകയും എല്ലാവർക്കും സന്തോഷകരമായ ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.23-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*******************